# ശാശ്വതമൊന്നേ ദുഃഖം

എം. എൻ. കാരശ്ശേരി



ശാശ്വതമൊന്നേ ദുഃഖം

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

On the dunes, a painting by Philip Sadée (1837–1904). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ശാശ്വതമൊന്നേ ദുഃഖം

ജീവിതത്തിൽ മനുഷ്യനാകപ്പാടെ കൊതിക്കുന്നത് സുഖമാണ്. മോക്ഷംപോലും ജീവിതാനന്തരമുള്ള പരമസുഖത്തെയാണല്ലോ ലക്ഷ്യമാക്കുന്നത്. എന്നാൽ മനുഷ്യന്റെ സൃഷ്ടികളിൽവെച്ച് ഏറ്റവും മഹത്തായ കലയിൽ ഏറ്റവും വലിയ അംശം ദുഃഖമാണ്. നിത്യജീവിതത്തിൽ സുഖം മാത്രം അനുഭവിക്കാൻ ഇച്ഛിക്കുന്നവർ എങ്ങനെ ഈ ദുഃഖം ആസ്വദിക്കുന്നു?



പ്രൊഫ. മുണ്ടശ്ശേരി

ഈ ചോദ്യത്തിന് എത്രയോ കാലത്തെ പഴക്കമുണ്ട്. കിഴക്കും പടിഞ്ഞാറുമുള്ളവർ കാലാകാലങ്ങളിൽ ഇതിനുത്തരം പറഞ്ഞുപോന്നിട്ടുമുണ്ട്. ആ ഉത്തരങ്ങളിൽ പ്രബലമായ ഒന്നിനെയാണിവിടെ ചർച്ച ചെയ്യുന്നത്. ആദ്യം ആ വാദഗതി സംഗ്രഹിക്കാം: കലയുടെ അസംസ്കൃതവസ്തുവായ ജീവിതത്തിലെ അനിവാര്യമായ ദുഃഖം എന്ന ഘടകം കലയിലും കാണുന്നു. ദുഃഖാനുഭവങ്ങൾ സ്മരണകളാവുമ്പോൾ അവ നമ്മെ നേരിട്ട് ബാധിക്കാത്തതുകൊണ്ട് ആസ്വാദ്യമായിത്തീരാറുണ്ട്. കലയിലെ ദുഃഖങ്ങളും ഇതുപോലെയാണ്. നമ്മെ നേരിട്ട് ബാധിക്കാത്തതുകൊണ്ട് അവ ആസ്വാദ്യമായിത്തീരുന്നത്. ജീവിതത്തിലെ ഏതു തരം അനുഭവവും സ്മരണയിലൂടെ അയവിറക്കുമ്പോൾ അതിനൊരാസ്വാദ്യതയുണ്ടല്ലോ. ഇതുകൊണ്ടാണ് കല സ്മൃത്യാത്മകമാണ് എന്ന് പറയുന്നത്.

ഈ വാദത്തിനനുകൂലമായി നമ്മുടെ പല വിമർശകരും—പ്രൊഫ. മുണ്ടശ്ശേരി(കാവ്യപീഠിക)യും മറ്റും—എഴുത്തിലും പ്രസംഗത്തിലും പലപാട്ടുദ്ധരിച്ച ഒന്നാണ് കാളിദാസന്റെ ഈ ശ്ലോകാർദ്ധം:

> പ്രാപ്താനി ദുഃഖാന്യപി ദണ്ഡകേഷു
> സംചിന്ത്യമാനാനി സുഖാന്യഭൂവൻ
> രഘുവംശം: 14–25

ദണ്ഡകവനത്തിലെ ദുഃഖാനുഭവങ്ങളെല്ലാം ഇന്ന് അയോദ്ധ്യയിലിരുന്ന് ഓർക്കുമ്പോൾ സുഖങ്ങളായിത്തോന്നുന്നു എന്ന് സീത രാമനോട് പറയുന്നതാണ് സന്ദർഭം.

ഇതിന്നെതിരിലാണ് ഈ ലേഖനത്തിന് വാദമുള്ളത്: എല്ലാ ദുഃഖാനുഭവങ്ങളും ഓർക്കുമ്പോൾ സുഖകരങ്ങളായിത്തീരുമോ?

ഈ സീതയെത്തന്നെ മുൻനിർത്തി ആലോചിക്കാം. സീത ആ സന്ദർഭത്തിൽ പറഞ്ഞത് അക്ഷരംപ്രതി ശരിയാണ്. ദണ്ഡകവനത്തിലെ ദുഃഖാനുഭവങ്ങൾ അയവിറക്കാൻ അയോദ്ധ്യാരാജധാനി പറ്റിയ ഇടം തന്നെ. അത്തരം സുഖസൗകര്യങ്ങളൊന്നുമില്ലാത്ത മറ്റൊരു വനത്തിൽ വെച്ച് മേൽപ്പറഞ്ഞ ഓർമ്മ സുഖകരമാവുമോ? ഇല്ല. ദുഃഖം അന്യമായിത്തീരാൻ വേണ്ട സമയപരിധിപോലെത്തന്നെ, അതിനെ ഓർമ്മ മാത്രമാക്കിത്തീർക്കുന്ന സൗകര്യങ്ങൾകൂടി ഉള്ളപ്പോഴേ കയ്പുള്ള അനുഭവത്തിന്റെ ഓർമ്മ സുഖകരമാവൂ.

ഇരിക്കട്ടെ. ചോദ്യമൊന്ന് മാറ്റിനോക്കാം:

ദണ്ഡകവനത്തിൽ വെച്ച് രാമനും സീതയും തമ്മിലോ രാമനും ലക്ഷ്മണനും തമ്മിലോ കലഹിച്ചിരുന്നു എന്നു വെക്കുക. ആ ഓർമ്മയും സീതക്കു സുഖകരമാവുമോ? എന്തിന്, പിൽക്കാല സംഭവങ്ങളിലൊന്നായ രാവണന്റെ വരവും ആ കട്ടുകൊണ്ടുപോകലും ഓർത്ത് സീത എന്നെങ്കിലും സുഖിച്ചിരിക്കുമോ? ഉറപ്പിച്ചു തന്നെ പറയാം—സീതക്ക് ഒന്നു മാത്രമേ സാധ്യമാവൂ: അതോർത്തു നടുങ്ങുക! അല്ലെങ്കിൽ അതോർക്കാൻ കൂടി ശക്തയാവാതെ ഇരുന്നു പോവുക!

ആശാന്റെ സീത ദുഃഖാനുഭവങ്ങളുടെ നേരെ വർഷങ്ങൾക്കു ശേഷവും അസ്വസ്ഥയാകുന്നു; രോഷം കൊള്ളുന്നു. അവയൊക്കെ ഓർമ്മകൾ മാത്രമായിത്തീർന്ന കഥ അവളെ ബാധിച്ചിട്ടേയില്ല. മാത്രവുമല്ല, മേൽ പറഞ്ഞപോലെ അതോർക്കാൻകൂടി വയ്യെന്നാണ് സീതയുടെ പക്ഷം:

> അതിവത്സല ഞാനുരച്ചിതെൻ
> കൊതി വിശ്വാസമൊടന്നു ഗർഭിണി
> അതിലേ പദമൂന്നിയല്ലിയി-
> ച്ചതിചെയ്തു! നൃപോനോർക്കവയ്യതാൻ (107)

ഗർഭകാലത്തെ അരിശിപറച്ചിലുകളിലൊന്നിന്റെ പൂർത്തീകരണരൂപത്തിലാണല്ലോ സീതാപരിത്യാഗം ഉണ്ടായത്. ആ പൂതി അങ്ങനെ ചാടിപ്പുറപ്പെട്ടതിന്റെ പശ്ചാത്തലം ആശാന്റെ സീത വിസ്തരിച്ചുതന്നെ പറഞ്ഞിട്ടുണ്ട്. അതിങ്ങനെ അവസാനിക്കുന്നു:

> പറയേണ്ടയി! ഞങ്ങൾ ബുദ്ധിയിൽ
> കുറവില്ലാത്ത മൃഗങ്ങൾ പോലെയും
> നിറവേറ്റി സുഖം വനങ്ങളിൽ
> ചിറകില്ലാത്ത ഖഗങ്ങൾ പോലെയും (120)

ആശാന്റെ സീത ഇവിടെ ദുഃഖം എന്ന വാക്ക് പറയാൻ മറന്നുപോകുന്നു. എന്നിട്ടും ആ വനവാസം ഒരു ചതിയുടെ രൂപത്തിൽ തിരിച്ചുവന്നപ്പോൾ അവൾക്ക് രുചിച്ചില്ല. കൊല്ലമേറെ കഴിഞ്ഞിട്ടും ആ ചതിയുടെ ഓർമ്മ പോലും അവൾക്കു ദുസ്സഹമാണ്. ദശരഥൻ ഓർമ്മകളിൽ നീറി മരിച്ചുപോവുകയാണ് ഉണ്ടായത്.

ഇപ്പോൾ ഒരു വാദം തലപൊക്കുകയായി; അയവിറക്കപ്പെടുന്ന ശാരീരികദുഃഖങ്ങൾ സുഖകരങ്ങളാവുന്നു; മാനസികദുഃഖങ്ങൾ മറിച്ചും.

ഇതിൽ അല്പം ശരി കണ്ടേക്കാമെങ്കിലും ഏറെ തെറ്റുതന്നെയാണുള്ളത്. ശാരീരികമെന്നും മാനസികമെന്നും ലോകത്ത് ദുഃഖം വേർതിരിഞ്ഞിരിപ്പില്ല. സാധാരണയായി ശാരീരികപീഡ മനസ്സിനേയും മാനസികപീഡ ശരീരത്തേയും കീഴടക്കുകതന്നെ ചെയ്യും.

പ്രശ്നം ബാക്കിയാണ്: ഓർമ്മകളിൽ എല്ലാതരം ദുഃഖവും സുഖകരമായിത്തീരുമോ? ഇല്ലെന്നതിന് തെളിവ് മേൽപറഞ്ഞു. അങ്ങനെ സുഖകരമായിത്തോന്നുന്ന അനുഭവം ഏത്? അതിന് മറ്റു ദുഃഖാനുഭവങ്ങളിൽ നിന്നുള്ള വ്യത്യാസമെന്ത്?

എനിക്കു തോന്നുന്നു, സ്വയം വരിച്ച ദുഃഖങ്ങൾക്ക് മാത്രമേ ആ അനുഭവമുണ്ടാകൂ എന്ന്. ഉദാഹരണം സീത തന്നെ. ആദ്യത്തെ വനവാസം അവൾ സ്വയം വരിച്ചതാണ്. അങ്ങനെ ഇറങ്ങിത്തിരിക്കാൻ മാനസികമായി ഒരു ബുദ്ധിമുട്ടും ആ രാമപത്നിക്കുണ്ടായിരുന്നില്ല. ആ മാനസികമായ തയ്യാറെടുപ്പ് നീണ്ട പതിന്നാലുകൊല്ലത്തെ കഷ്ടനഷ്ടങ്ങളെയെല്ലാം സുഖാനുഭവങ്ങളാക്കുന്നു; ഓർമ്മകളിൽ വിശേഷിച്ചും. സ്നേഹപ്രചോദിതമായ ആ മാനസികാവസ്ഥയെയാണ്, തയാറെടുപ്പിനെയാണ്, ആശാന്റെ സീത ഇങ്ങനെ ശ്ലാഘിച്ചു തഴുകുന്നത്.

> പുരുഷനു പുമർത്ഥഹേതു നീ
> തരുണിക്കുത്തരുണീ ഗുണങ്ങൾ നീ
> നിരൂപിക്കുകിൽ നീ ചമയ്പു ഹാ!
> മരുഭൂ മോഹനപുഷ്പവാടിയായ് (122)

മറിച്ച്, അന്യവ്യക്തികളോ ജീവിതം തന്നെയോ ഏല്പിക്കുന്ന ദുഃഖങ്ങൾ എക്കാലവും കയ്പ്പുറ്റവ തന്നെ. തമാശ വിട്ട് കാര്യത്തിലേക്ക് കടക്കുന്ന ഒരു ചതി ആർക്കെങ്കിലും നല്ല ഓർമ്മയായിരിക്കുമോ? സ്മരണ സുഖകരമാവുന്നതു പോയിട്ട്, അസ്വാസ്ഥ്യം നേർത്തുകിട്ടുകയെങ്കിലും ചെയ്യും എന്നുണ്ടെങ്കിൽ വല്ല രമണനും ആത്മഹത്യ ചെയ്യുമോ?

പണ്ടുകാലത്തെ പട്ടിണിയേയും ഇരവലിനേയും കുറിച്ച് ഓർക്കാതിരിക്കാനാണ് പുതുപണക്കാരൻ ശ്രമിക്കുന്നത്. അങ്ങനെയല്ലാത്ത ഒരു ന്യൂനപക്ഷമുണ്ട്: അവർ അക്കാലത്തെ കഷ്ടപ്പാടുകളെ സ്വന്തം കുടുംബത്തിനു വേണ്ടി സഹിച്ച ത്യാഗമായി സ്വയം മനസ്സിലാക്കുകയും അപ്രകാരം വ്യാഖ്യാനിച്ചു സുഖിക്കുകയുമാണ് പതിവ്. അന്യരിൽ നിന്ന് ഏല്ക്കേണ്ടിവന്ന കഷ്ടതകളെക്കുറിച്ച് സരസമായി ഈർഷ്യാകാലുഷ്യമില്ലാതെ തെളിഞ്ഞ ഭാഷയിൽ സംസാരിക്കുന്നവരെ കണ്ടിട്ടുണ്ട്. അവരും ശത്രുത കൊണ്ട് അന്യൻ ചെയ്ത ദുഷ്കൃത്യത്തെ മറക്കാനും പൊറുക്കാനും തയാറാവുന്ന ത്യാഗബുദ്ധിയുള്ള നല്ല മനുഷ്യരാണ്. അങ്ങനെയല്ലാത്തവർ ആ ശത്രുതാവിഷം ഉള്ളിൽ വെച്ചുകൊണ്ട് കെട്ടുപോകുന്നതും നാം കണ്ടുവരാറുണ്ടല്ലോ.

"സ്മരണകളിൽ പോലും നടുക്കമുണ്ടാക്കുന്നത്" എന്ന നമ്മുടെ നിത്യസാധാരണമായ പ്രയോഗം വന്നു വിശ്രമിക്കുന്നത് മേൽ വാദഗതിയിൽ തന്നെയാണ്.

ബാക്കിയാവുന്ന ചോദ്യം: സ്വയം വരിച്ച ദുഃഖത്തെക്കുറിച്ച് ദുഃഖിക്കുന്നവരില്ലേ?

ഉണ്ട്. സ്വയം കൃതാനർത്ഥങ്ങളെച്ചൊല്ലി വിലപിക്കുന്ന അത്തരം വീണ്ടുവിചാരമില്ലാത്തവരെ ഈ ചർച്ചയുടെ വട്ടത്തിൽ കൊണ്ടുവരേണ്ട. മേലും കീഴും ആലോചിച്ച് മറ്റുള്ളവർക്കു വേണ്ടി അവനവൻ ദുഃഖം തെരഞ്ഞെടുക്കുന്നതും ഒന്നിലേക്ക് എടുത്തു ചാടുന്നതും തമ്മിലുള്ള അന്തരം വ്യക്തമാണല്ലോ.

ഇനി, നമുക്ക് കലയിലേക്ക് വരിക:

അതെ, അവിടത്തെ ദുഃഖം ആരും നമ്മിൽ കെട്ടിയേല്പിക്കുന്നതല്ല. നാം സ്വയം ചെന്ന് ഏല്പിക്കുന്നവയാണ്, ത്യാഗമോ അതിന്റെ ഭാവമോ ആണ്.

നിത്യജീവിതത്തിൽ സുഖം കൊതിക്കുന്നവൻ എന്തിന് കലാജീവിതത്തിൽ അസുഖം വരിക്കുന്നു എന്ന് ചോദിക്കാം. നിത്യജീവിതത്തിലെ ആഴം കുറഞ്ഞ സുഖങ്ങളല്ലേ; ആഴമേറിയ ദുഃഖങ്ങളാണ് ഉയർന്ന ആസ്വാദകന്റെ പ്രശ്നം എന്നാണുത്തരം. ജീവിതത്തിൽ അല്പസ്വല്പമുള്ള സുഖസന്തോഷങ്ങളെ ഊതിവീർപ്പിച്ചു രസിക്കാൻ, മുതിർന്ന കലാസ്വാദകനു വയ്യ; പാവയുടെ ചലനത്തിൽ മുതിർന്നവർക്ക് അദ്ഭുതം കൂറാൻ വയ്യാത്തതുപോലെ.

നിത്യജീവിതത്തിലെ സ്വയം ദുഃഖങ്ങളിലാണ്, ത്യാഗങ്ങളിലാണ് ലോകത്തിലെ എല്ലാ നല്ല കാര്യങ്ങളും മുളപൊട്ടിയത്. ത്യാഗബുദ്ധികളായ വലിയ മനുഷ്യരുടെ കഷ്ടനഷ്ടങ്ങളുടെയും തീരാത്ത തീവ്രദുഃഖങ്ങളുടെയും കണ്ണീരുറവകൊണ്ടാണ് മനുഷ്യന്റെ വിജ്ഞാനവും കലയും ശാസ്ത്രവും എന്നു വേണ്ട നല്ലതായ എല്ലാം, എല്ലാകാലത്തും പച്ചപിടിച്ചുപോന്നിട്ടുള്ളത്. ഈ ത്യാഗത്തിന്റെ ഭാവം തന്നെയാണ് കലാജീവിതത്തിലെ ദുഃഖാനുഭവങ്ങളെയും ആസ്വാദ്യമാക്കുന്നത്. അന്യനുവേണ്ടി നാം സഹിക്കാൻ തയ്യാറാവൽ തന്നെയാണത്. ആ നില വളർന്നാണ് അന്യനെന്നും ഞാനെന്നുമുള്ള ഭേദചിന്തയില്ലാതെ നാം കഥാപാത്രത്തോട് തന്മയീഭവിക്കുന്നത്. രന്തിദേവന്റെ—മസോക്കിസത്തിന്റെ—ഒരംശമെങ്കിലും കലാസ്വാദനത്തിൽ സജീവമായി തുടിക്കുന്നുണ്ട് എന്നു ചുരുക്കം.



ഷേക്സ്പിയർ

വിശ്വോത്തരകൃതികളിൽ ഒട്ടുമുക്കാലും ദുഃഖാന്തങ്ങളാണെന്ന കാര്യം ഇവിടെ ചേർത്തുവെച്ച് ആലോചിക്കാവുന്നതാണ്. ഷേക്സ്പിയർ കൃതികളല്ല, ഷേക്സ്പീരിയൻ ട്രാജഡികളാണ് ആസ്വാദകനു വേണ്ടത്. ദുഃഖാന്തകൃതികളില്ലെന്നു പറയുന്ന നമ്മുടെ പ്രാചീന സാഹിത്യത്തിൽ ദുഃഖാന്തങ്ങളായ രാമായണവും ഭാരതവുമാണ് മുന്തിനില്ക്കുന്നത് എന്നത് ശ്രദ്ധിക്കണം. രഘുവംശം തുടങ്ങിയവയും ദുഃഖപര്യവസായികൾ തന്നെ. ശാകുന്തളം മുതലായ സുഖപര്യവസായികളിലും ശോകരംഗങ്ങളാണ് സഹൃദയരെ ആകർഷിക്കുന്നത്. ഇന്നത്തെ കലാരൂപമായ ചലച്ചിത്രമെടുത്തോളൂ—ശോകരംഗങ്ങളും ശോകഗാനങ്ങളുമല്ലേ, അല്പമെങ്കിലും നിലനില്ക്കുന്നത്?



ഗാന്ധിജി

മഹാൻ എന്നറിയപ്പെട്ടുന്ന ഓരോരുത്തനും ഉദാത്തമായൊരു ട്രാജഡിയിലാണ് സഹജീവികളെ വിട്ടിട്ടുപോകുന്നത്. സോക്രട്ടീസും ക്രിസ്തുവും ഗാന്ധിജിയും ഭൗതികദുരന്തത്തിന്റെ കണ്ണീരിൽ ജ്ഞാനസ്നാനം ചെയ്ത് മഹത്വത്തെ പുല്കുന്നു. നേരെ കിടന്ന് മരിക്കാൻ 'ഭാഗ്യ'മുണ്ടായ മനുഷ്യസ്നേഹികളുടെ ജീവിതത്തിലും കയ്പ് കുറവായിരുന്നില്ല.

വായന, ചിന്ത, ജീവിതപരിചയം തുടങ്ങിയവകൊണ്ട് ആസ്വാദന സംസ്കാരം വളരാത്ത കലാസ്വാദകൻ കലയിലെ കൃത്രിമച്ചിരികളും സുഖഭോഗവർണ്ണനകളും അന്വേഷിച്ചുപോകുന്നു. മറുഭാഗത്ത് "കണ്ണീരുപ്പു പുരട്ടാത്ത ജീവിതപലഹാര"ത്തിന് രുചിയില്ലെന്ന് വിശ്വസിക്കുകയും മഹത്വം എന്ന സങ്കല്പത്തിന്റെ അംശമെങ്കിലും സൂക്ഷിക്കുകയും ചെയ്യുന്ന കലാസ്വാദകന്റെ വിഷാദസ്മിതം സീതയുടെ വാക്കുകൾക്കൊപ്പം വിടരുന്നു:

> "വിനയാർന്ന സുഖം കൊതിക്കയി-
> ല്ലിനി മേൽ ഞാൻ—അസുഖം വരിക്കുവൻ"

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്തു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014